Retail Price: ₹ 10/-

ആഗസ്റ്റ് 2014 ബാംഗ്ലൂർ

Vol: I Issue: 5 Page 8

August 2014 | Bangalore

# ഹെവൻലി എക്സ്പ്രസ്സ് Heavenly express

Reg. No. NoMAG(3)/NPP/392/2013-14 Annual Subscription ₹ 100/- Email: heavenlyexpressindia@gmail.com

## WHOLE NIGHT PRAYER:

**Bangalore:** KUPF conducted a whole night prayer on 8th August in Kengery at KUPF working committee member, Bro. Sajan George's residence. KUPF vice president Rev. C.G. Baboos Chaired the meeting. Pastor John Samuel and Rev. P.K.Johnson spoke from the word of God. Pastor C.O.John shared his testimony and encouraged the gathering. Area coordinator Rev. Aju Thomas, Pastor Lanson Mathai and Bro. Sajan George led the prayer section. Pastor E.J.Johnson and Brother Sony led the praise and worship. Many Pastors, Brothers and sisters from diverse denominations, from different parts of the city attended the meeting and prayed for various needs.

## AG NEW YORK EASTERN REGIONAL CONFERENCE



**New York:** Assemblies of God Eastern region Conference shall be held from August 22nd to 24th at New York valley City Gateway Christian Centre. Rev. M.G. Johnson will inaugurate the conference. South India Assemblies of God (SIAG) Treasurer Rev. Abdul Kareem (Bangalore) is the guest speaker.

# ഐ.പി.സി. ഫാമിലി കോൺഫറൻസ് സമാപിച്ചു അടുത്ത വർഷം ഒക്ക്ലഹോമയിൽ



**ഹൂസ്റ്റൺ:** അമേരിക്കയിലും കാനഡയിലുമുള്ള പെന്തെക്കോസ്ത് വിശ്വാസികളുടെ ഏറ്റവും വലിയ സംഗമത്തിന് തിരശ്ശീല വീണു. വിശ്വാസികൾക്ക് ആത്മനിവൃതിയുടെ ദിനങ്ങൾ സമ്മാനിച്ച 12-ാമത് സമ്മേളനമാണ് ഇക്കുറി ഹൂസ്റ്റണിൽ നടന്നത്. ജൂലൈ 24-27 വരെ നടന്ന സമ്മേളനങ്ങളിൽ ആയിരങ്ങളാണ് ഓരോ ദിവസങ്ങളിലും എത്തിയത്.

കൺവീനർ ഡോ. ഏബ്രഹാം ചാക്കോ ഉദ്ഘാടനം ചെയ്തു. ക്രിസ്തുവിൽ ജയാളികൾ എന്നതായിരുന്നു ചിന്താവിഷയം. പാസ്റ്റർമാരായ സ്റ്റീവ് റിഗ്ഗിൽ, സ്കോട്ട് ക്രെൻഷമ, ടി.സി.ബാബു, രാജു മേത്ര, ജേക്കബ് ജോൺ, സാം ജോർജ്ജ്, ബേബി വർഗീസ് എന്നിവർ പ്രസംഗിച്ചു. പ്രശസ്ത ഗായകരായ റോബി സേ ബാൻഡിന്റെ മധുരോതരമായ ഗാനങ്ങൾ സംഗീതത്തിന്റെ നാദവിസ്മയം ഒരു അവിസ്മരണീയ അനുഭവമായി യുവജനങ്ങൾക്ക് തീർന്നു. മുൻ വർഷങ്ങളെ അപേക്ഷിച്ച് പലതുകൊണ്ടും മെച്ചപ്പെട്ടതായിരുന്നു ഈ വർഷത്തെ കോൺഫറൻസ്. 14-ാമത് കോൺഫറൻസ് ഒക്ക്ലഹോമയിൽ നടത്തുവാൻ തീരുമാനിച്ചു.

ഇതിന്റെ ചുമതലകൾക്കായി പാസ്റ്റർ അലക്സ് വെട്ടിക്കൽ (കൺവീനർ), ജോയി തുമ്പമൺ (സെക്രട്ടറി), സാമുവേൽ യോഹന്നാൻ (ട്രഷറാർ).

## FASTING PRAYER

**Bangalore:** Bangalore A.G.Pastors, Presbyters and District Officials gathered for special fasting prayer on 15th August at Garden City AG Church. District Superintendent Rev.Paul Thangaiah and Assistant Superintendent Rev. T.J.Benny led the prayer section. Most of the Presbyters and senior pastors came forward and prayed for the different needs of the district and for the blessing of Karnataka & Goa.


# കരിസ്മാ ബൈബിൾ ക്ലാസ്സും ഉപവാസ ഉണർവ്വ് യോഗങ്ങളും


പാസ്റ്റർ രാജു പൂവക്കാല


പാസ്റ്റർ കെ.കെ. ചെറിയാൻ


പാസ്റ്റർ വർഗീസ് മാത്യു


പാസ്റ്റർ സാജു സി.ജോസഫ്


പാസ്റ്റർ തോമസ് മാത്യു


പാസ്റ്റർ ബാബു ചെറിയാൻ


പാസ്റ്റർ ഫിലിപ്പ് പി.തോമസ്

**തിരുവല്ല:** തിരുവല്ല ഐ.പി.സി പ്രെയർ സെന്റർ ഒരുക്കുന്ന കരിസ്മാ ബൈബിൾ ക്ലാസ്സും ഉപവാസ ഉണർവ്വ് യോഗങ്ങളും ആഗസ്റ്റ് 10 ഞായർ മുതൽ 17 ഞായർ വരെ ഐ.പി.സി പ്രെയർ സെന്റർ സ്റ്റേഡിയത്തിൽ നടക്കും. ഐ.പി.സി സ്റ്റേറ്റ് വൈസ്പ്രസിഡന്റ് പാസ്റ്റർ രാജു പൂവക്കാല ഉദ്ഘാടനം ചെയ്യും. പാസ്റ്റർ കെ.കെ.ചെറിയാൻ, പാസ്റ്റർ വർഗീസ് മാത്യു (മേലുകാവ്), പാസ്റ്റർ സാജു സി.ജോസഫ് (കോതമംഗലം), പാസ്റ്റർ തോമസ് മാത്യു (തമ്പി ശങ്കരമംഗലം), പാസ്റ്റർ ബാബു ചെറിയാൻ (പിറവം), പാസ്റ്റർ ഫിലിപ്പ് പി.തോമസ് (കരുവാറ്റ) എന്നിവർ ക്ലാസ്സുകൾ നയിക്കും. പഠന വിഷയങ്ങൾ: ജനനം, ജീവിതം, മരണാനന്തര ജീവിതം, കർത്താവിന്റെ വരവും അനന്തര സംഭവങ്ങളും കൃപാവര ശുശ്രൂഷകൾ, യുദ്ധം-ക്ഷാമം - ഭൂകമ്പം ബൈബിൾ വെളിച്ചത്തിൽ, നിത്യത എങ്ങനെ അവകാശമാക്കാം.

പ്രെയർ സെന്റർ വോയ്സ്, ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

## കർണ്ണാടക ഐ.പി.സി സഹോദരി സമ്മേളനം

**ബാംഗ്ലൂർ:** കർണ്ണാടക സ്റ്റേറ്റ് ഐ.പി.സി സോദരീ സമാജത്തിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 9-ന് ഹൊറമ്മാവ് ഐ.പി.സി ഹെഡ് ക്വാർട്ടേഴ്സ് ഹാളിൽ ഏകദിന സമ്മേളനം നടന്നു. സിസ്റ്റർ ലില്ലിക്കുട്ടി സാമുവേൽ, സിസ്റ്റർ രൂപാ ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു.


Saju V. John - Proprietor
8095392293, 9845007063

TRINITY ALUMINIUM
Dealers in: Aluminium Extrusions & Hardware
"Petra Complex" No. 1/7, Shop No. B-1
Bagalur Main Road, Kothanur Post,
Bangalore - 560077
Email: saju_leena@yahoo.com

Aluminium Fabrication
Interior & Exterior
Aluminium Doors | Windows
Balcony Covering | Partition
Stick Glazing | Structural Glazing
ACP Cladding Works etc.
Stopinsect: Rollaway Screen Door
Scren Door | Fixed / Openable Systems
Rollon Screen Windos

ഹെവൻലി എക്സ്പ്രസ് പത്രം ഇപ്പോൾ www.godsownlanguage.com/mal/Magazine/Heavenly_Express എന്ന പേജിൽ ലഭ്യമാണ്

## ക്രിസ്തീയ പുസ്തകമേള ബാംഗ്ലൂരിൽ

**ബംഗ്ലൂർ:** ഒ.എം.ബുക്സ് ബാംഗ്ലൂരിന്റെ ആഭിമുഖ്യത്തിൽ കല്ല്യാൺനഗർ, കമ്മനഹള്ളി ഒ.എം.ബുക്സ് സെന്ററിൽ ആഗസ്റ്റ് 4 - 16 വരെ ക്രൈസ്തവ സാഹിത്യ പുസ്തകമേള നടക്കും. വിവിധ പ്രാദേശിക ഭാഷകളിലുള്ള ബൈബിളുകൾ, വേദശാസ്ത്രം, ധ്യാനഗ്രന്ഥങ്ങൾ, ക്രിസ്തീയ ഗാനങ്ങളുടെ കാസറ്റുകൾ തുടങ്ങിയവ വൻ വിലക്കുറവിൽ മേളയിൽ ലഭിക്കുമെന്ന് മാനേജർ ജോൺ.പി.ജേക്കബ് പറഞ്ഞു.

**EDITORIAL BOARD**

**Chairman:**
Rev. P.K.Johnson
(9845154986)
(pastorpkjohnsonmcag@gmail.com)

**Chief Editor:**
Bro.Blesson K.Philip
(9740783440)

**Media Director:**
Bro. Biju Mathew

**Technical Manager:**
Bro. Sijo Mathew

**EXECUTIVE EDITORS:**
Br. Blesson Babu
Bro. Manu Thomas
Sis. Joshly P.Johnson
Sis. Sherly

**ASSOCIATE EDITORS:**
Bro. Prince Mathew
Bro. Reji Das

**National Co-ordinator:**
K.Cherian

**Overseas Coordinators:**
**New York:**
Cherian J Vincen
**Philadelphia:**
Samuel Mathew
**Florida:**
Chacko Varghese
**New Jersey:**
Varghese Pampor
**South Africa:**
Bro. Allwin K.Lazer
**Bahrain:**
Bro. Babyson Johnson
**Dubai:** Sam Thomas
**Sharja:** M K Joykutty
**Ajman:** Blesson Cherian
**Doha Qatar:** Benoy Kurian
**Oman Musket:** Jacob Ninan

**REGIONAL COORDINATORS:**
**Delhi:** Jacob Thomas
**Mumbai:** Thomas Cherian
**Pune:** Joy Daniel
**Rajasthan:** Jose Baby
**Lucknow:** Sunil Pathrose
**Shimla:** Benson George

**Kerala State:**
Bro. Tijo T.Cherian (P.Thitta)
Sabu George (Kollam)
Kurian Alexander (Iduki)

**Karnataka State**
**Bangalore:**
Daniel M.K.
**North Karnataka:**
Rev. K.P.Kuriachen
**Malanad Districts of Karnataka:** Pastor Lal Kumar

**നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക. ലേഖനങ്ങൾ, കവിതകൾ, കഥകൾ, വാർത്തകൾ മറ്റ് ഇതര കൃതികൾ തുടങ്ങിയവ എല്ലാ മാസവും 25-ാം തീയതിക്കകം അയച്ചു തരിക.**

**Address :**
**HEAVENLY EXPRESS**
Email: heavenlyexpressindia@gmail.com
Telephone Numbers:
09740783440, 09845154986

# എഡിറ്റോറിയൽ



# സ്വാതന്ത്ര്യം

ഇൻഡ്യ സ്വതന്ത്ര രാജ്യമായിട്ട് ഈ വരുന്ന ആഗസ്റ്റ് 15ന് 68 വർഷം തികയുകയാണ്. 1858 മുതൽ 1947 വരെയായിരുന്നു ബ്രിട്ടീഷ് ഭരണം. 1858 മുതൽ 1914 വരെ കൽക്കട്ട ആസ്ഥാനമാക്കി ഭരണം നടത്തിയെങ്കിൽ 1914 മുതൽ 1947 വരെ ന്യൂഡൽഹിയായിരുന്നു ആസ്ഥാനം. ബ്രിട്ടീഷുകാർ ഇൻഡ്യ ഭരിച്ചിരുന്ന കാലത്ത് ഇൻഡ്യയുടെ വളർച്ചയെ എല്ലാത്തരത്തിലും മുരടിപ്പിക്കുന്ന രീതിയിലുള്ള നിയമവ്യവസ്ഥകളായിരുന്നു കൂടുതലും നടപ്പിലാക്കിയിരുന്നത്.

എന്നാൽ കുറെ നല്ല കാര്യങ്ങൾ ചെയ്തതും ഇവർ തന്നെയായിരുന്നു. ബ്രിട്ടീഷ് ഭരണത്തിനു മുമ്പ് ഇൻഡ്യയിലുണ്ടായിരുന്ന ഏകാധിപത്യ രീതിയിലുള്ള മുഗൾ ഭരണം അവസാനിപ്പിച്ചത് ബ്രിട്ടീഷ് ഭരണാധികാരികളായിരുന്നു. "Democracy" എന്ന ആശയം നടപ്പിലാക്കുകയും പുതിയ സാങ്കേതിക വിദ്യകൾ ആവിഷ്ക്കരിച്ചതും ബ്രിട്ടീഷ് ഭരണാധികാരികളായിരുന്നു. ഇതൊക്കെ ഒരു പരിധിവരെയും അവരുടെ സ്വന്ത ലാഭത്തിനുവേണ്ടി മാത്രമായിരുന്നു എന്നതാണ് സത്യം. ഇൻഡ്യയിൽ നിന്നും ധാരാളം പണവും സ്വർണവും അടിമകളെയും ബ്രിട്ടീഷുകാർ നേടി.

ബ്രിട്ടീഷുകാരിൽ നിന്നും ഒരു മോചനം, അതായിരുന്നു ഓരോ ദേശസ്നേഹിയുടെയും സ്വപ്നം. കച്ചവടാവശ്യത്തിനായി വന്നവർ കലക്രമേണ എല്ലാം സ്വന്തമാക്കുന്ന കാഴ്ച. പിന്നീടങ്ങോട്ട് കണ്ടതും കേട്ടതും അനുഭവിച്ചതും എല്ലാം തന്നെ പുതുമ നിറഞ്ഞ കാര്യങ്ങളായിരുന്നു. ചെറു രാജ്യങ്ങളെ തമ്മിലടിപ്പിച്ച് ഭരിച്ച് രസിക്കുന്ന കാഴ്ച. പാവം ജനതക്കറിയില്ലായിരുന്നു ബ്രിട്ടീഷ് കുതന്ത്രങ്ങൾ. എന്നാൽ വളരെ വൈകി സ്വാതന്ത്ര്യം വേണമെന്ന ഉറച്ച തീരുമനങ്ങൾക്കും സമരരീതികൾക്കും മുമ്പിൽ ബ്രിട്ടീഷുകാർ അടിയറവു പറഞ്ഞു. നേതാക്കന്മാർ പലരും ചരിത്രത്തിൽ ഇടം നേടി. ഇൻഡ്യ സ്വതന്ത്ര രാജ്യമായി. ചരിത്രകാരന്മാർക്ക് രേഖപ്പെടുത്തി വയ്ക്കുവാൻ അനേകം ചരിത്ര സംഭവങ്ങൾ പിറന്നതും ഈ കാലയളവിൽ തന്നെയായിരുന്നു. സ്വന്തലാഭം നോക്കാതെ കുടുംബക്കാരെയും സ്വന്തക്കാരെയും വിട്ട് ബ്രിട്ടീഷ് തോക്കിൻ കുഴലിനു മുമ്പിൽ പതറാതെ നിന്നവരെ നാം ബഹുമാനത്തോടെ വിളിച്ചു സ്വാതന്ത്ര്യ സമര സേനാനികൾ.

ഞാൻ ഇത്രയും ചുരുക്കമായി ഇവിടെ ഓർത്തത്, എഴുതിയത് യാഥാർത്ഥ്യവുമായി നോക്കുമ്പോൾ ഒന്നുമല്ല എന്ന് എനിക്കറിയാം. ഇതിലൊക്കെ എത്രയോ വലുതാണ് സ്വാതന്ത്ര്യവും അതിന്റെ മഹത്വവും. സ്വാതന്ത്ര്യ സമര സേനാനികൾ നേടിത്തന്ന സ്വാതന്ത്ര്യത്തെ അതിന്റെ എല്ലാ ബഹുമാനത്തോടെയും ഉൾക്കൊണ്ട് നാം ആത്മീയർ ചോദിക്കേണ്ട ഒരു യഥാർത്ഥ ചോദ്യമുണ്ട്, ഞാൻ സ്വതന്ത്രനാണോ? ഇല്ലായെന്നാണെങ്കിൽ 2കൊരിന്ത്യർ 3:17-ൽ ഇങ്ങനെ പറയുന്നു "കർത്താവിന്റെ ആത്മാവുള്ളയിടത്ത് സ്വാതന്ത്ര്യം ഉണ്ട്." ഇവിടെയാണ് എന്റെ സ്വാതന്ത്ര്യം ഞാൻ യഥാർത്ഥത്തിൽ അനുഭവിക്കുന്ന "സ്വാതന്ത്ര്യം." ഈ ദൈവം നിങ്ങളെയും സ്വതന്ത്രരാക്കട്ടെ!

നമ്മുടെ പ്രാർത്ഥനാ വിഷയങ്ങൾക്കുവേണ്ടി

## മെൻസ് പ്രയർ ഫെലോഷിപ്പ് ബാംഗ്ലൂർ

**കൊത്തനൂർ മൗണ്ട് കാർമൽ എ.ജി. ചർച്ചിൽ എല്ലാ ബുധനാഴ്ചയും രാവിലെ 5 മുതൽ 7 വരെ മെൻസ് പ്രാർത്ഥന കൂടിവരുന്നു.**

തകർന്ന കുടുംബജീവിതം രോഗങ്ങളാലും കടഭാരത്താലും മനോവേദനയാലും എന്തുചെയ്യണമെന്ന് അറിയാതെ ആരോരും സഹായത്തിനില്ലാതെ എന്റെ ജീവിതം എങ്ങനെ മുന്നോട്ടുപോകുമെന്ന് ഓർത്ത് വിലപിക്കുകയും സങ്കടപ്പെടുകയും ചെയ്യുന്ന നിങ്ങൾ ദൈവസന്നിധിയിൽ കടന്നുവന്ന് ദൈവത്തോട് പ്രാർത്ഥിക്കാം. നമ്മുടെ വിഷയങ്ങൾക്ക് സർവ്വശക്തനായ ദൈവത്തിന് പരിഹാരം നൽകുവാൻ കഴിയും. വിവിധ വിഷയങ്ങളെ ഓർത്ത് പ്രാർത്ഥിക്കുന്നതാണ്. എല്ലാ ബുധനാഴ്ചയും രാവിലെ 5 മുതൽ 7 വരെ സഹോദരൻമാർ പ്രാർത്ഥനയ്ക്കായി ഒത്തുകൂടുന്നു.

**നിങ്ങളുടെ പ്രാർത്ഥനാവിഷയങ്ങൾക്ക്:-**
മൊബൈൽ/ഇമെയിൽ മുഖേന ബന്ധപ്പെടുക. Mobile No.: +91 7760914134
E-mail : manuthomaschirayil@outlook.com

# MATRIMONIAL

പെന്തക്കോസ്ത് യുവതി 24, 162 സെമി പൊക്കം വെളുത്തനിറം B.Sc. Nursing ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. ആത്മീയമായും വിദ്യാഭ്യാസ യോഗ്യതയുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

**ഫോൺ: 0944706329, 9400459427**

Born-again, baptized boy, US Citizen, US degree holder planing to go for masters, born and brought up at Kuwait, working with one of the largest chain stores in States as Asst.Manager 5'6'' white, slim DOB 28/5/81 seeks alliance from born again and qualified girls, preferably pharmacists. Please send complete details to: samchandy65@gmail.com.
**Mob: 9605636498**

Pentecostal parents (pastor) settled in Bangalore seek suitable alliance for their born again, baptized and spirit filled son (28 / 5.4 / fair / B.Com / ongoing MBA in Finance) working as a business analyst in a MNC from the parents of God fearing, baptized, spirit filled and qualified girls.
Interested may contact: 09845619970 (or) prayer_linkin@yahoo.com


Proposals are invited by Pentecostal parents for their daughter, 164 cm, 24 years, wheatish, MCA studied and working in Bangalore as a Software Engineer, from the parents of professionally qualified pentecostal boys.
Interested parents my send their son's photo and details to: bethel320@gmail.com Ph: +91 8151866402

## HOUSE FOR RENT

Two bedroom, hall, kitchen with all necessary fittings on the first floor, in Byrathi, Kothannur, Bangalore-77.

Contact: 9448367565 / 080-25457565

# എച്ച്.ഐ.വി. വൈറസുകളെ പൂർണ്ണമായും നീക്കം ചെയ്യാനാകുമെന്ന് പഠനം



**ലണ്ടൻ:** എച്ച്.ഐ.വി. വൈറസുകളെ എയ്ഡ്സ് രോഗബാധിത കോശങ്ങളിൽ നിന്ന് പൂർണ്ണമായും നീക്കം ചെയ്യാനാകുമെന്ന് പഠനം. ലണ്ടനിലെ ടെമ്പിൾ യൂണിവേഴ്സിറ്റി ഓഫ് മെഡിസിനിലെ ഒരു കൂട്ടം ഗവേഷകരാണ് വൈറസുകളെ നശിപ്പിക്കാൻ സാധിക്കുന്ന പുതിയ സംവിധാനം കണ്ടെത്തിയിരിക്കുന്നത്. ആദ്യമായാണ് എച്ച്.ഐ.വി. വൈറസിനെ മനുഷ്യ കോശങ്ങളിൽ നിന്നും നീക്കം ചെയ്യാൻ സാധിക്കുന്ന രീതി കണ്ടെത്തുന്നത്. രോഗം ബാധിച്ച മനുഷ്യശരീരത്തിലെ കോശങ്ങളെ കണ്ടെത്തിയതിനു ശേഷം നശിപ്പിക്കുന്ന രീതിയാണ് ഇവർ പരിചയപ്പെടുത്തുന്നത്. ലോകത്ത് മൂന്നര കോടിയോളം എയ്ഡ്സ് ബാധിതരുള്ള പശ്ചാത്തലത്തിൽ ശാസ്ത്രലോകത്തെ ഈ കണ്ടുപിടുത്തം ഏറെ ആശ്വാസകരമായിരിക്കും. എന്നാൽ രോഗികളിൽ ഇത് പരീക്ഷിക്കാൻ ഇനിയും കാത്തിരിക്കേണ്ടിവരും. ഇനിയും പരീക്ഷണങ്ങൾ വിജയിക്കേണ്ടിയിരിക്കുന്നുവെന്നും ശരിയായ രീതിയിലാണ് ഗവേഷണം മുന്നേറുന്നതെന്നും ഡോക്ടർമാർ അറിയിച്ചു.

# തിയോളജിക്കൽ കോളജ് കലോത്സവം

**ബാംഗ്ലൂർ:** യുണൈറ്റഡ് തിയോളജിക്കൽ കോളജ് കെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കലോത്സവം കർണ്ണാട ഡി.ജി.പി. ലാൽറോഖുമു പഛാവു ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ റവ. ഡോ. ജോൺ സാമുവേൽ രാജ് അദ്ധ്യക്ഷത വഹിച്ചു. സ്റ്റുഡന്റ് വൈസ് പ്രസിഡന്റ് റവ. ക്രിസ്റ്റഫർ വി. ജോർജ്ജ്, സെക്രട്ടറി കാൽവിൻ സുഹിത് എന്നിവർ പ്രസംഗിച്ചു.

# സൈബീരിയയിൽ വൻ ഗർത്തം

മോസ്കോ: സൈബീരിയയുടെ ആൾത്താമസമില്ലാത്ത ഉൾപ്രദേശത്തു കാണാനിടയായ ഭീമൻ ഗർത്തം റഷ്യയിൽ ഏറെ ഉത്കണ്ഠയുണർത്തി. പുറത്ത് 60 മീറ്ററും ഉള്ളിൽ 40 മീറ്ററും വ്യാസമുള്ള ഗർത്തം ഏറെ ആഴമുള്ളതുമാണ്. യൂ ട്യൂബിൽ അപലോഡ് ചെയ്ത ഇതിന്റെ വീഡിയോ ഇതിനകം എഴുപതു ലക്ഷം പേർ കണ്ടു. മോസ്കോയിൽ നിന്നു 2000 കിലോമീറ്റർ വടക്കു കിഴക്കായാണു ഗർത്തം രൂപം കൊണ്ടത്. അന്യഗ്രഹജീവികളാണ് ഇതിനു പിന്നിലെന്നും ഭൂമികുലുക്കം മൂലമാണിതുണ്ടായതെന്നും തുടങ്ങി ഒട്ടേറെ അഭിപ്രായങ്ങൾ പ്രചരിക്കുന്നുണ്ട്. ഗവേഷകരുടെ വൻപട ഇവിടേക്കെത്തുന്നുണ്ട്.

# ഛത്തീസ്ഗഢിലെ ഗ്രാമങ്ങളിൽ ക്രൈസ്തവ പ്രവർത്തനങ്ങൾക്കും പ്രാർത്ഥനകൾക്കും വിലക്ക്

**ബസ്തർ:** ഛത്തീസ്ഗഢിലെ ബസ്തർ ജില്ലയിൽ 50 ഗ്രാമങ്ങളിൽ ഹിന്ദു ഇതര മത വിഭാഗത്തിൽപ്പെട്ടവർ മതപരിവർത്തനം നടത്തുന്നതിന് പഞ്ചായത്ത് വിലക്കേർപ്പെടുത്തി. ക്രൈസ്തവമിഷണറി പ്രവർത്തനങ്ങൾക്കാണ് ആറു മാസമായി പഞ്ചായത്ത് വിലക്കേർപ്പെടുത്തിയിരിക്കുന്നത്. വിശ്വഹിന്ദു പരിഷത്തിന്റെ ആവശ്യപ്രകാരമാണ് വിലക്ക്. പഞ്ചായത്ത് നിയമത്തിലെ 129 (ജി) വകുപ്പു പ്രകാരമാണിത്.

ഹിന്ദു ഇതര മതങ്ങളുടെ എല്ലാ വിധത്തിലുമുള്ള മതാനുബന്ധ പ്രവർത്തനങ്ങളും പ്രാർത്ഥനയും നിരോധിക്കുമെന്ന് വി.എച്ച്.പി. ബസ്തർ ജില്ലാ പ്രസിഡന്റ് സുരേഷ് യാദവ് പറഞ്ഞു. മെയ് 10 ന് തോകപാൽ ബ്ളോക്കിലെ സിരിസ്ഗുഡ പഞ്ചായത്ത് പ്രത്യേക ഗ്രാമസഭയിൽ നിരോധിത ഉത്തരവ് പാസ്സാക്കിയിരുന്നു. മതപരിവർത്തനം അവസാനിപ്പിക്കാനും മിഷണറി പ്രവർത്തകർ ഹൈന്ദവ ദൈവങ്ങൾക്കെതിരെ അപകീർത്തികരമായ വാക്കുകൾ പ്രയോഗിക്കുന്നത് അവസാനിപ്പിക്കുവാനുമാണ് നിരോധനമെന്ന് ഉത്തരവിൽ പറയുന്നു. നേരത്തെ ക്ഷേത്ര ഉത്സവത്തിൽ സംഭാവന നൽകാൻ ചില ക്രൈസ്തവ വിശ്വാസികൾ തയ്യാറാകാതിരുന്നതിനെത്തുടർന്ന് ക്രൈസ്തവക്കെതിരെ അതിക്രമങ്ങൾ നടന്നിരുന്നു.

പാവപ്പെട്ടവരായ തദ്ദേശവാസികളായ ക്രൈസ്തവർക്ക് റേഷൻ നിഷേധിക്കുകയും ചെയ്തിരുന്നു. രണ്ടുമാസമായി തങ്ങൾക്ക് റേഷൻ കടയിൽനിന്നും സാധനങ്ങൾ ലഭിക്കുന്നില്ലെന്ന് ക്രൈസ്തവ വിശ്വാസത്തിലേക്കു വന്ന സൊനുരുമാണ്ഡവി പറഞ്ഞു. പഞ്ചായത്തിന്റെ വിലക്ക് ഭരണഘടനാവിരുദ്ധവും പൈശാചികവുമാണെന്ന് ഛത്തീസ്ഗഢ് ക്രിസ്ത്യൻ ഫോറം പറഞ്ഞു.

# കണക്കു പഠിക്കാൻ 6000 രൂപ പ്രതിമാസ സ്കോളർഷിപ്പ്

മാത്തമാറ്റിക്സ് എം.എസ്സിക്കു പഠിക്കുന്ന സമർത്ഥരായ കുട്ടികൾക്കു രണ്ടു വർഷക്കാലം 6000 രൂപ പ്രതിമാസ സ്കോളർഷിപ്പിനു കേന്ദ്രസർക്കാരിലെ എൻ.ബി.എച്ച്.എം. സൗകര്യമൊരുക്കിയിരിക്കുന്നു. (NBHM: National Board for Higher Mathematics, Department of Atomic Energy, Anushakti Bhavan, CSM Marg, Mumbai – 400001; Email: msnbhm@dae.gov.in Web: www.nbhm.dae.gov.in

ഫസ്റ്റ് ക്ലാസോടെ മാത്സ് ബി.എസ്.സി ജയിച്ചവർ അവസാന വർഷ ബി.എസ്.സി. വിദ്യാർത്ഥികൾ, എം.എസ്സിക്കു പഠിക്കുന്നവർ എന്നിവർക്കെല്ലാം അപേക്ഷിക്കാം. ഓണേഴ്സുകാർക്കു സെക്കൻഡ് ക്ലാസായാലും മതി.

അവസാന വർഷ പരീക്ഷയെഴുതി നിൽക്കുന്നവരെയും പരിഗണിക്കും. മികച്ച അക്കാദമിക ചരിത്രം വേണം. 2014 ജനുവരി ഒന്നിന് 23 വയസ്സിൽ കുറവായിരിക്കണം.

എം.എസ്സി രണ്ടാം വർഷക്കാർക്ക് ഒരു വർഷത്തേക്കു മാത്രമേ സഹായം കിട്ടൂ.

സെപ്റ്റംബർ 20 നു നടത്തുന്ന എഴുത്തു പരീക്ഷയും തുടർന്നുള്ള അഭിമുഖവും ആധാരമാക്കിയാണു സിലക്ഷൻ.

## ലഹരി വിരുദ്ധ ബോധവൽക്കരണ റാലി

**അടൂർ:** ജില്ലാ PYPA യുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 15–ാം തീയതി വെള്ളിയാഴ്ച ലഹരി വിരുദ്ധ ബോധവൽക്കരണ റാലി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നതായി സെക്രട്ടറി സാബു ജോർജ്ജ് അറിയിച്ചു. പാസ്റ്റർ ജിജി ചാക്കോ കൂടാതെ മറ്റ് അനുഗ്രഹീത ദാസന്മാരും പ്രസംഗിക്കുന്നതായിരിക്കും.

# കെനിയായിൽ ബൈബിൾ ക്ലാസ്സിൽ തീവ്രവാദി ആക്രമണം രണ്ടു മരണം

**നെയ്റോബി:** കെനിയയിലെ തുറമുഖ പട്ടണമായ ഹിന്ദിയിൽ, ചർച്ചിൽ ബൈബിൾ ക്ലാസ്സ് പഠനത്തിനിടയിൽ തീവ്രവാദികൾ നടത്തിയ വെടിവെയ്പ്പിൽ രണ്ടു വിശ്വാസികൾ കൊല്ലപ്പെട്ടു. ജൂലൈ 7ന് തിങ്കളാഴ്ച രാത്രിയിൽ ഹിന്ദി നഗരത്തിലെ കവനന്റ് ചർച്ചിൽ നടത്തപ്പെട്ട ബൈബിൾ ക്ലാസ്സിലാണ് അജ്ഞാതരായ തീവ്രവാദികൾ അതിക്രമിച്ചു കയറി വെടി ഉതിർത്തത്. പ്രാണരക്ഷാർത്ഥം രക്ഷപ്പെടാൻ ശ്രമിച്ച ജോസഫ് കിങ്ങിത്തി, കെണ്ടമഷി എന്നീ വിശ്വാസകളാണ് വെടിയേറ്റു മരിച്ചത്.

കെനിയയിൽ ഇസ്ളാമിക തീവ്രവാദി ഗ്രൂപ്പായ അൽഷബാബ് ക്രൈസ്തവർക്കെതിരെ ആക്രമണം അഴിച്ചുവിടുക പതിവാണ്. ക്രൈസ്തവ മാർഗ്ഗത്തിലേക്കു വരുന്ന വിശ്വാസികളെ രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞുപിടിച്ച് ആക്രമിക്കുകയാണ് ഇവരുടെ രീതി.

# എക്സൽ ചൈൽഡ് ഇവാഞ്ചലിസം ഗ്രാജുവേഷൻ

**തിരുവല്ല:** എക്സൽ മിനിസ്ട്രീസിന്റെ ചൈൽഡ് ഇവാഞ്ചലിസം പരിശീലന കേന്ദ്രമായ എക്സൽ സ്ക്കൂൾ ഓഫ് ചൈൽഡ് ഇവാഞ്ചലിസം ഗ്രാജുവേഷൻ മാരാമൺ മാർതോമ്മ റിട്രീറ്റ് സെന്ററിൽ നടന്നു. പാസ്റ്റർ ജിജി ചാക്കോ അദ്ധ്യക്ഷത വഹിച്ചു. വർക്കി കാച്ചാണത്ത്, റവ. എബി പീറ്റർ എന്നിവർ മുഖ്യാതിഥികളായിരുന്നു. പാസ്റ്റർമാരായ ബിനു വടശ്ശേരിക്കര, അനിൽ ഇലന്തൂർ, ജോർജ്ജ് എ.ജി.റ്റി, ബാബു തോമസ്സ് അങ്കമാലി, കെ. വി. ജോൺ, ഷാജി ജോസഫ്, ഷിബു ജോൺ, ജോൺ തോമസ്സ് എന്നിവർ പ്രസംഗിച്ചു. കുഞ്ഞുങ്ങളുടെ ഇടയിലെ പ്രവർത്തനത്തിനു വേണ്ടി പ്രത്യേക പരിശീലനം നേടിയ എട്ട് പേരാണ് ഈ വർഷം പഠനം പൂർത്തിയാക്കിയത്.



വിവരസാങ്കേതിക വിദ്യയുടെ അനന്തസാദ്ധ്യതകൾ അനുദിന ജീവിതത്തിൽ നാം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇന്റർനെറ്റ് ഇല്ലാത്ത ജീവിതത്തെക്കുറിച്ച് യുവജനങ്ങൾക്ക് ചിന്തിക്കുവാൻ പോലും സാധിക്കാത്ത ഒരു കാലഘട്ടമാണ് ഇന്ന്. നന്മയുടെയും തിന്മയുടെയും ഒരു വിശാല വിതായനങ്ങൾ ആണ് ഇന്റർനെറ്റ് തുറക്കുന്നതിലൂടെ നമുക്കു ലഭിക്കുന്നത്. ഇന്റർനെറ്റ് അഡ്രസ് ആരംഭിക്കുന്നതെല്ലാം ००० എന്ന മൂന്ന് അക്ഷരത്തിലാണ്.




ജോർജ്ജ് വർഗ്ഗീസ്, അബുദാബി

World Wide Web എന്നതിന്റെ ചുരുക്കപ്പേരാണിത്. ഈ മുന്നു ००० ഇന്ന് ലോകത്തെ ആകെ നാശത്തിലേക്കു എത്തിച്ചുകൊണ്ടിരിക്കുകയാണ്. ഏതൊക്കെയാണ് ഈ മൂന്ന് ०००? ണശില, ണലമഹവേ, ണീാലി. മദ്യം, സമ്പത്ത്, സ്ത്രീ... ഈ മൂന്ന് കാര്യങ്ങൾ മനുഷ്യസമൂഹത്തെ കാർന്നു തിന്നുന്ന ഒരു മഹാവിപത്തായി മാറിക്കൊണ്ടിരിക്കുകയാണ്.

## 1. Wine (മദ്യം)

മദ്യം മനുഷ്യനെ മൃഗമാക്കുന്ന ഒരു ലഹരി പാനീയമാണ്. കുടുംബത്തിന്റെയും സമൂഹത്തിന്റെയും സ്വസ്ഥത നശിപ്പിച്ച് പല ഹീനകൃത്യങ്ങളും മനുഷ്യനെ ചെയ്യാൻ പ്രേരിപ്പിക്കുന്നത് ഈ മദ്യലഹരിയിലാണ്. മദ്യപാനം മൂലം ശിഥിലമാകുന്ന എത്രയോ കുടുംബങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ട്. ആദ്യം ഒരു തമാശയായിട്ടും പിന്നെ ഒരു കമ്പനിക്കായിട്ടും അതിനു ശേഷം അതില്ലാതെ പറ്റത്തില്ല എന്ന അവസ്ഥയിലേക്കും മനുഷ്യനെ കൊണ്ടെത്തിക്കുന്നു മദ്യം. സ്കൂൾ തലങ്ങൾ മുതലെ ഒരു ബോധവത്കരണം അത്യന്താപേക്ഷിതമായിരിക്കുന്നു. മദ്യരഹിത ദേശങ്ങളായി ഓരോ സ്ഥലങ്ങളും മാറണം. അത് ലോക വ്യാപകമായി നടത്തേണ്ട കാര്യമാണ്. മദ്യനിരോധനമാണ് ഇതിന്റെ ആവശ്യം. എന്നാൽ സർക്കാരുകൾ ഇതിനെ എതിർക്കുന്നത് ഒരുപക്ഷേ അതിൽ നിന്നും ഖജനാവിലേക്ക് ലഭിക്കുന്ന ഭീമമായ വരുമാനം നിന്നു പോകാതിരിക്കാനാണ്. കേരളത്തിൽ നിലവാരമില്ലാത്ത 418 ബാറുകൾ പൂട്ടിയ ശേഷം ആദ്യമായി ജൂൺ മാസത്തിൽ മദ്യ ഉപയോഗം കുറഞ്ഞു. 5 ലക്ഷത്തോളം കെയ്സ് ബിയർ ഉൾപ്പടെ 45 ലക്ഷത്തോളം ലിറ്റർ മദ്യത്തിന്റെ ഉപഭോഗം കുറഞ്ഞുവെന്ന് കേരള ബിവറേജ് കോർപ്പറേഷന്റെ 22 വെയർ ഹൗസിൽ നിന്നും ശേഖരിച്ച കണക്കുകൾ സൂചിപ്പിക്കുന്നു.

2013 - 2014 വർഷത്തിൽ ആദ്യാമായി കേരളത്തിൽ ഇന്ത്യൻ നിർമ്മിത വിദേശ മദ്യ ഉപഭോഗത്തിൽ രണ്ടു ശതമാനം കുറവ് രേഖപ്പെടുത്തി. എന്നാൽ വരുമാനത്തിൽ 2012-2013 ൽ 8,818.18 കോടി ലഭിച്ചപ്പോൾ 2013-2014 ൽ ഇത് 9,353.74 കോടിയായി ഉയർന്നു.

"മദ്യപാനം ആരോഗ്യത്തിനു ഹാനികരം, കുടുംബത്തിനു ശാപം." "പുരുഷകാമികൾ, കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപന്മാർ, ദൂഷകന്മാർ, പിടിച്ചു പറിക്കാർ എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല." (1 കൊരി. 6:10).

## 2. Wealth (സമ്പത്ത്)

"സമ്പത്തു കാലത്ത് തൈ പത്തു നട്ടാൽ ആപത്തു കാലത്ത് കാ പത്തു തിന്നാം." മാതാപിതാക്കൾ കഷ്ടപ്പെട്ടു വിയർപ്പൊഴുക്കി പണിയെടുത്ത് മക്കളെ വളർത്തി. മുണ്ട് മുറുക്കി ഉടുത്ത് നല്ല രീതിയിൽ ഭക്ഷണം പോലും കഴിക്കാതെ സമ്പാദിച്ചിട്ട് മക്കൾക്കു നൽകും. ആപത്ത് കാലത്ത് കാ തിന്നാൻ, എന്നാൽ ഈ മക്കൾ മാതാപിതാക്കൾക്ക് കാ തിന്നാനുള്ള മരം കായ്ക്കുന്ന വൃദ്ധസദനങ്ങളിൽ മാതാപിതാക്കളെ ഏല്പിച്ചിട്ട് അവർ പറക്കുന്നു! എന്തൊക്കെയോ, എന്തിനുവേണ്ടിയോ സമ്പാദിക്കുവാൻ വേണ്ടി. സ്ത്രീധനത്തിനു വേണ്ടി സ്ത്രീകളെ ഉപദ്രവിക്കുന്നത് സാക്ഷര കേരളത്തിൽ ഇന്നു നടക്കുന്നത് നമ്മെ ലജ്ജിപ്പിക്കുന്ന കാര്യങ്ങളാണ്. സമ്പത്തിനു വേണ്ടി പണം ഉണ്ടാക്കാൻ വേണ്ടി മനുഷ്യൻ ഇന്ന് എന്തും ചെയ്യാൻ തയ്യാറാണ്. "ദീപസ്തംഭം മഹാശ്ചര്യം എനിക്കും കിട്ടണം പണം."

## 3. Woman (സ്ത്രീ)

വിദേശത്തും സ്വദേശത്തും സമ്പന്നനും പാവപ്പെട്ടവനും വിദ്യാസമ്പന്നനും വിദ്യാഹീനനും എന്നു വേണ്ടാ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക ആത്മീയ ഉന്നതർ പോലും സ്ത്രീ വിഷയങ്ങളിൽ വാർത്തകളിൽ ഇടം നേടിയിട്ടുണ്ട്. ഭാരതത്തിലെ സ്ത്രീ സുരക്ഷയെക്കുറിച്ച് സർക്കാരുകൾ പദ്ധതികൾ രൂപപ്പെടുത്തുമ്പോൾ സ്ത്രീകൾക്കു തന്നെ യാത്ര ചെയ്യാൻ പേടിയാണ്. ലൈംഗിക അരാചകത്വം ദേശത്തു നിലനിൽക്കുന്നു. സ്ത്രീ വിൽപ്പന ചരക്കായി മാറുന്നോ? എച്ച്.ഐ.വി ബാധിതരുടെ എണ്ണത്തിൽ ഇന്ത്യ മൂന്നാം സ്ഥാനത്ത് എത്തിയത് ഞെട്ടിക്കുന്ന വാർത്തയാണ്. ഒരു ന്യൂനപക്ഷം സ്ത്രീകൾ കൂടുതൽ പണത്തിനുവേണ്ടി സ്വയം വിൽപ്പനചരക്കാകുമ്പോൾ ഭൂരിഭാഗവും ചതിയിലൂടെ ഇത്തരം മാഫികകളുടെ വലയിൽ ആകുകയാണ്. ഫെയ്സ് പ്രേമത്തിലും ചാറ്റിംഗിലും കുടുങ്ങുന്ന എത്രയോ പേർ. അതുകൊണ്ട് ഈ കാലഘട്ടത്തിൽ സ്ത്രീകൾ കൂടുതൽ സുരക്ഷിതരാണ് എന്ന് സ്വയം ഉറപ്പ് വരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

"ആകയാൽ സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നത്, നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിക്കുവിൻ (റോമ. 12:1).

പ്രിയ സഹോദരങ്ങളേ, ഇത് അന്ത്യകാലമായതിനാൽ ലോകമോഹങ്ങളിൽ അകപ്പെട്ടു പോകാതെ ദൈവകൃപയിൽ നിലനിന്ന് നിത്യത പ്രാപിക്കുവാൻ കർത്താവ് നമ്മെ സഹായിക്കുമാറാകട്ടെ. ■



FRAMES & LENS OPTICALS

All types of frames and lenses available:
Progressive (Varilus, Essilor lens) | Transitions lens
CR/Glass Hi-index (Ultra Thin lens) | Contact lens
Multi coating(Anti-reflection) lens | Crizal Lens (Essilor and lens)

Highlights
Frame selection and delivery at your home
After sales service & support
Quality frames & Lenses | Competitive Prices
Quick delivery

FRAMES & LENS OPTICALS
66/A, 2nd cross, 1st main,
Prakashanagar, Rajajinagar,
Bangalore – 560010
Ph: 8095412281, 9611244414
Email: danielmk1969@gmail.com

DANIEL M. K
Ph: 99805-01490

Heavenly express ഹെവൻലി എക്സ്പ്രസ്സ്

Heavenly Express is a monthly Christian Newspaper produced by the HVAG trust. Published on its behalf by Rev.P.K.Johnson And edited by Bro.Blesson K.Philip. Printed at Evangel Printers, Bangalore.

ANNUAL SUBSCRIPTION- INDIA RS.100/-
LIFE SUBSCRIPTION – INDIA RS.2000/-
ANNUAL SUBSCRIPTION- OVERSEAS US $25

By money order,Demand draft or cheques.
To Heavenly express ,No.155,KSFC layout,
Oil mill road,Bangalore-560084

BANK DETAILS :
HEAVENLY EXPRESS :
A/C No. 0231053000023127
IFSC : SIBL0000231
SOUTH INDIAN BANK
M.S Nagar branch, Bangalore-43

ADVERTISEMENT RATES:
Colour pages
FRONT ONLY QUARTER PAGE: RS.1500/-
BACK ONLY QUARTER PAGE: RS 1350/-
INSIDE FULL PAGE RS. 3500/-
INSIDE HALF PAGE RS.2000/-
INSIDE QUARTER PAGE RS. 1200/-

BLACK & WHITE:
FULL PAGE RS.2500/-
HALF PAGE RS.1500/-
QUARTER PAGE RS.800/-
DISPLAY 60 WORDS RS.500/-
MATRIMONIAL RS. 300/-

Dead Lines: All matters for publication should reach us before the 20th of the previous month along with the full payment.

NEWS ITEMS & ARTICLES

Heavenly express welcomes, news, reports, ,articles for Publication. Views expressed or implied In advertisements or news items are not necessarily Those of Heavenly express. While much attention is paid To the accurate reproduction of advertisement or other Materials, we are not responsible for any errors or delays in Proofing, printing or posting. Heavenly express reserves the right to edit/reject certain ads/other material without assigning any reason. For MATRIMONIALS etc. Readers are advised to make appropriate and thorough Inquiries before acting upon any advertisement. This newspaper does not necessarily Agree to the claims or representations made by any advertiser.

■

# NEED FOR BI VOCATIONAL MISSIONARIES



Dr. P.V. Cherian

**Any movement at any part of the time sustained and created momentum when there were three ingredients attached to it.**

### A. Self propagation.

This is an activity of everybody taking part in the propagation of the message. In this phase everyone considers that it is his responsibility to build the movement. They feel a sense of ownership and act as the custodian of the whole process. Every movement recorded in the history of the world, whether it is secular or spiritual, picked up momentum only at the exercise of this principle.

In the history of the church, as it is recorded in the Word, this principle was well applied.

In the first century, where ever the believers were gone, they preached Christ and the churches were planted. They did this not because they were an organized group or were ignited by any human leader but only because of the inspiration by the Spirit of God. Even today it is the same principle getting applied for planting churches

This propagation was 'mouth to mouth' in which everybody participated.

### B. Self generated Resources.

This is to generate resources from within the church for its running.

In the Old Testament, God introduced the principle of tithing to run the day to day affairs of the temple. It gives us the idea that it is the responsibility of the believers to run God's temple. In the New Testament such a definite arrangement is not seen whereas Acts of Apostles explains that in the first century believers brought everything they had to the church. However this system we do not see continued as we proceed with the Word. But in different places we see that church supported missionaries and planting of churches. This is considered to be a free will offer and or not on the basis of any kind of legality.

### C. Everybody taking the leadership.

This aspect is under consideration in this write up. This is nothing but every believer considers himself to take lead in the process of building churches. It does not mean to generate fund to build a building but to see a group of believers of Jesus existing in a given geographical area to take the responsibility of evangelizing that area. In this system no body look unto a leader for consultation or instruction but the Holy Spirit is the leader.

In a system where all activities are depended on one leader, the growth rate would be limited for every activity that contributes to the growth is limited to the extent of the wisdom of one leader. Whereas in a system in which everybody take the leadership the quantum of input will be more so that the growth factor also will be more. This collective leadership does not refute the need of a leader but only to complement each other. Everybody consider themselves to be an integral part of the movement and they contribute to their maximum towards the growth of the movement. It exhibits high degree of submission to each other.

In a situation one person intends to apply his interest in the movement, the contributions of others could be ignored. It would cause destruction to the whole system. There are enough examples of successful movements collapsed because of applying personal interests.

It may be a little different from the conventional practice of sending missionaries. People being separated for God's ministry and send them as if they are the only people who are having calling for the same. I do not ignore the fact that there are examples of missionaries being sent in the Bible. Even in the history of modern church we see hundreds of missionaries left everything in their lives and go for Lords ministry. Fortunately, I am one among them. Always God used them and has a great value for this practice.


But considering the great urgency to have thousands of missionaries especially In India, I am having a great conviction that, we will have to consider to aggressively encourage bi vocational missionaries. Bi-vocational missionaries are those who serve the Lord along with their regular job. Their job could be anything. He could be a farmer, a bus conductor, a business man, a teacher or any other. At this juncture we need to remember that apostle Paul was a tent maker.

The Job he is doing would earn him food and some resources. It gives him an added capacity to take the gospel to the neighborhood and feeding the sheep. While he is an individual believer of Lord Jesus Christ, he participates on the process of planting churches and feeding His flock (Leading). He being a native believer from a particular village or town, it give s him more freedom and accessibility to take the gospel to the people in that village and disciple those who are coming to the Lord for he is one among them. This system does not demand time, place or monitory investment because he is from that locality. He could meet his limited expenditure to meet people from his tithe that he intends to spend for Lord's ministry. He doesn't need to separate time because he meets his friends on a regular basis. He does not need a special place because he is living in that village. His flock also is limited in number. That means the concept of bi vocational missionaries would ease the complexity of planting churches to a large extend.

Here we will have to evaluate the nature of the churches too led by Bi Vocational missionaries. It could be something different from the conventional ones.

It could be called as a fellowship than church. What if they meet any day

>> Page 6



## Bible Quiz 8

1) Who stole her father's household gods?
2) Which apostle baptized the Ethiopian eunuch?
3) With what object did Jael kill Sisera?
4) How many cities did the Levites possess?
5) What happened to Jesus on the 8th day of his life?
6) According to Peter, what “covers a multitude of sins”?
7) Who was killed by a wet blanket?
8) Who succeeded Herod the Great after his death?
9) What does the name Israel mean?
10) “Deceit is in the heart of them that”... do what?

The correct answers should reach, on or before 25th of the respective month, to the following address:
The Quiz Master, Heavenly Express, No.155, KSFC LAYOUT, Oil Mill Road, Lingarajapuram, Bangalore 560084.
(or) Email Id : heavenlyexpressindia@gmail.com
First and second prize will be awarded for every publication.

### ANSWERS FOR BIBLE QUIZ 7

| | |
|---|---|
| 1) Judah (Heb 7:14) | 6) City gates (Jdg 16:3) |
| 2) Psalm 119 (Ps 119) | 7) Psalm 58 (Ps 58:8) |
| 3) Double (portion) (2 Ki 2:9) | 8) A man clothed in linen (Dan 10:5) |
| 4) Ostrich (Job 39:13-17) | 9) Gihon (1 Ki 1:38) |
| 5) Abraham (Matt 1:2) | 10) Ishmaelites (Gen 37:28) |

Heavenly express

വാർത്തകൾ, ലേഖനങ്ങൾ, കഥ, കവിത മറ്റിതര കൃതികൾ തുടങ്ങിയവ എല്ലാ മാസവും 25-ാം തീയതിക്കു മുമ്പായി അയയ്ക്കുക. പരസ്യങ്ങൾ, വിവാഹപരസ്യങ്ങൾ തുടങ്ങിയവയ്ക്കും ബന്ധപ്പെടുക:

അയക്കേണ്ട വിലാസം: ഇമെയിൽ:
heavenlyexpressindia@gmail.com

# ദൈവം തിരഞ്ഞെടുത്തവർ

**ബിനു വടക്കുംചേരി**



> *വിശുദ്ധിയോടെ ജീവിതം നയിക്കുമ്പോഴാണ് നാം ക്രിസ്തുവിന്റെ കുരിശു ചുമക്കുന്ന നല്ല ശിഷ്യരാകുന്നത്.*

നാം ദൈവിക സന്നിധിയിൽ വിശുദ്ധരും നിഷ്ക്കളങ്കരുമാകേണ്ടതിനു നമ്മെ ലോക സ്ഥാപനത്തിനു മുമ്പ് തിരഞ്ഞെടുത്തതാണ്. കർത്താവായ യേശുക്രിസ്തു പറയുന്നു "നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു" എന്നാണ് യോഹന്നാന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് (യോഹ. 15:16). നമ്മെ തിരഞ്ഞെടുത്തത് ക്രിസ്തുവാകുന്ന മുന്തിരിവള്ളിയിൽ ചേർന്നു നിന്നു നല്ല ഫലങ്ങൾ പുറപ്പെടുവിക്കാൻ വേണ്ടിയാണ്. കൊമ്പുകളാകുന്ന നാം ക്രിസ്തുവാകുന്ന മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി ഫലം കായിക്കുവാൻ സാധിക്കുകയില്ല. ദൈവം തിരഞ്ഞെടുത്തവരെ അവൻ നന്നായി അറിയുന്നവനാണ്. തന്നിൽ വസിക്കാത്ത കൊമ്പുകളെ തിരിച്ചറിയുന്നവനാണ്. കർത്താവിനോടൊപ്പം കൂടെയിരുന്ന് 'അപ്പം' കഴിച്ചവർ തന്നെ തന്റെ നേരെ കുതികാൽ ഉയർത്തുമെന്ന് താൻ മുമ്പേ അറിഞ്ഞിരുന്നു. ക്രിസ്തുവിൽ കായ്ക്കാത്ത കൊമ്പുകളൊക്കെയും നീക്കി കളയപ്പെടും. തന്നിൽ വസിക്കുന്നവർ കൂടുതൽ ഫലം കായ്ക്കേണ്ടതിന് ചെത്തി വെടിപ്പാക്കുകയും ചെയ്യും. ഇങ്ങനെ ചെത്തിവെടിപ്പാക്കപ്പെടുമ്പോൾ കൊമ്പുകൾക്ക് വേദനിച്ചേക്കാം. കൊമ്പുകളാകുന്ന നമ്മിൽ നിന്നും കൂടുതൽ ഫലങ്ങൾ സൃഷ്ടാവായ ദൈവം പ്രതീക്ഷിക്കുന്നത് കൊണ്ടാണ് ദൈവം ചെത്തിവെടിപ്പാക്കുന്നത് എന്ന് നാം തിരിച്ചറിയണം. കാരണം ദൈവം തിരഞ്ഞെടുത്തവരെ ദൈവം സ്നേഹിക്കുന്നു! ഈ സ്നേഹം രുചിച്ചറിഞ്ഞവരെ ലോകം പകച്ചാലും ദൈവികസ്നേഹത്തിൽ നിന്നും വേർതിരിപ്പാൻ ഒന്നിനും കഴിയുകയില്ല.

ദൈവം തിരഞ്ഞെടുപ്പ് വ്യക്തമായി തിരിച്ചറിഞ്ഞ അപ്പോസ്തലനായ പൗലോസിനെ ലോകം പകെച്ചെങ്കിലും തന്നെ തിരഞ്ഞെടുത്ത ദൈവികസ്നേഹത്തിൽ നിന്നും വേർതിരിപ്പാൻ അവക്കൊന്നിനും സാധിച്ചില്ല. അപ്പോസ്തലനായ പൗലോസിന്റെ ജീവിതത്തിൽ ഒന്നൊന്നിനു പുറകെ ഓരോ പ്രതികൂലങ്ങൾ വന്നിരുന്നു. എന്നാൽ താൻ നേരിട്ട കഷ്ടത, സങ്കടം, ഉപദ്രവം, പട്ടിണി, നഗ്നത, ആപത്ത്, വാള് ഇവക്കൊന്നിനും ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നും തന്നെ വേർപിരിയിപ്പിക്കുവാൻ ഉദകുന്നതായിരുന്നില്ല. നാം കഷ്ടത എന്നു പറയാറുള്ള പലതും "സങ്കടം, ഉപദ്രവം, പട്ടിണി, നഗ്നത, ആപത്ത്, വാള്" എന്നിവയിൽ ഒന്നായിരിക്കും. എന്നാൽ പൗലോസിനെ സംബന്ധിച്ച് ഇതായിരുന്നില്ല കഷ്ടത. ഇതൊന്നും അല്ലെങ്കിൽ പൗലോസിന്റെ ഭാഷയിൽ കഷ്ടത എന്തായിരുന്നു?

ലോകത്തിന്റെ പ്രലോഭനങ്ങളിൽ അകപ്പെടാത്ത കർത്താവിന്റെ കുരിശു ചുമക്കുക എന്നതാണ് കഷ്ടത. ഈ അശുദ്ധമായ ലോകത്തിൽ പലവിധ പാപത്തിന്റെ പ്രലോഭനങ്ങൾ ഉണ്ടാകുമ്പോൾ അതിനെ അതിജീവിച്ച്, വിശുദ്ധിയോടെ ജീവിതം നയിക്കുമ്പോഴാണ് നാം ക്രിസ്തുവിന്റെ കുരിശു ചുമക്കുന്ന നല്ല ശിഷ്യരാകുന്നത്. നമ്മുടെ കർത്താവ് ലോകത്തിൽ ജയിച്ചത് 'പാപത്തെ' ആണ്. നാം ഈ ആശുദ്ധമായ ലോകത്തിൽ ആയിരിക്കുമ്പോൾ പാപത്തിന്റെ പ്രലോഭനങ്ങൾ കടന്നുവന്നേക്കാം. അതുകൊണ്ടാണു കർത്താവു പറയുന്നത് "ലോകത്തിൽ നിങ്ങൾക്ക് 'കഷ്ടത' ഉണ്ട് എങ്കിലും ധൈര്യപ്പെടുവിൻ, ഞാൻ ലോകത്തെ ജയിച്ചവൻ ആകുന്നു".

തിരഞ്ഞെടുത്തവരുടെ ജീവിതത്തിൽ 'വിശുദ്ധി' എന്നത് അത്യന്താപേക്ഷിതമാണ്. വിശുദ്ധിയിൽ നിലനില്ക്കുന്നവന് മാത്രമേ ദൈവിക തിരഞ്ഞെടുപ്പു മൂലം അവനായി നല്ല ഫലങ്ങൾ കായിക്കുവാൻ കഴിയുകയുള്ളൂ. ഇതേക്കുറിച്ച് എഫെസ്യ ലേഖനത്തിൽ (എഫെ. 1:4) "നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്ക്കളങ്കരും അവൻ നമ്മെ ലോകസ്ഥാപനത്തിൻ മുമ്പേ നമ്മെ അവനിൽ തിരഞ്ഞെടുക്കുകയും..... കൂടാതെ പത്രോസിന്റെ ലേഖനത്തിലും (1പത്രൊ. 2:9) നമുക്ക് കാണാം "നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെടുകയും രാജകീയ പുരോഹിതവർഗ്ഗവും 'വിശുദ്ധവംശവും' സ്വന്തജനവും ആകുന്നു".

ദൈവം ഏറിയ പങ്കും തന്റെ പ്രവർത്തികൾ ചെയ്തെടുക്കുന്നത് സാധാരണക്കാരിലൂടെയാണ്. കർത്താവ് തന്റെ ശിഷ്യന്മാരെ തിരഞ്ഞെടുത്തത് പരിശോധിച്ചാൽ നമുക്ക് അറിയാൻ സാധിക്കും. യിസ്രായേൽ മക്കളെ ഫറവോന്റെ കയ്യിൽ നിന്നും വീണ്ടെടുത്തത് സംഖ്യയിൽ സകല ജാതികളെക്കാൾ പെരുപ്പം ഉള്ളതു കൊണ്ടല്ല, മറിച്ച് ദൈവം വിശുദ്ധജനത്തെ പ്രിയപ്പെട്ടു തിരഞ്ഞെടുത്തത് തന്റെ നിക്ഷേപമായിട്ടാണ്. അതുപോലെ തന്നെ,

വിക്കനായ മോശയെ ലക്ഷം ജനതകളെ നയിപ്പിക്കുവാൻ ബലപ്പെടുത്തിയ ദൈവം..,

അപ്പന്റെ ആട് മേയ്ച്ചു നടന്ന ദാവീദിനെ രാജാവാക്കി ഉയർത്തിയ ദൈവം..,

ബാലൻ കൊടുത്ത അഞ്ച് അപ്പം കൊണ്ടു അയ്യായിരം പേരുടെ വിശപ്പകറ്റി, ചെറിയവരിൽ കൂടി വലിയവ ചെയ്യുന്ന അത്ഭുതങ്ങളുടെ ദൈവം..

പരീശൻ കുറ്റപ്പെടുത്തിയാലും പാപങ്ങൾ ഏറ്റുപറഞ്ഞു പൊട്ടി കരഞ്ഞപ്പോൾ 'പാപം' ക്ഷമിച്ച ദൈവം..

സാധാരണക്കാരിലൂടെ അസാധ്യങ്ങളെ ചെയ്യുമ്പോൾ ആ പ്രവർത്തിയുടെ പൂർണ മാഹാത്മ്യവും ദൈവത്തിനു തന്നെ കിട്ടും.

"ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്വമായതു തിരഞ്ഞെടുത്തു; ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായതു തിരഞ്ഞെടുത്തു. ഉള്ളതിനെ ഇല്ലായ്മയാക്കുവാൻ ദൈവം ലോകത്തിൽ കുലഹീനവും നികൃഷ്ടവുമായതും ഏതുമില്ലാത്തതും തിരഞ്ഞെടുത്തു; ദൈവസന്നിധിയിൽ ഒരു ജഡവും പ്രശംസിക്കാതിരിക്കേണ്ടതിനു തന്നേ (1കൊരി. 1:27)."

ദൈവിക തിരഞ്ഞെടുപ്പിനു വലിയ വിദ്യാഭ്യാസമോ, കുലമഹിമയോ ഒന്നും വേണ്ട, അവനായി സമർപ്പിച്ച ഹൃദയവും വിശുദ്ധജീവിതവും ഉണ്ടായാൽ മതി.

നമ്മെ തിരഞ്ഞെടുത്തു ക്രിസ്തുവാകുന്ന മുന്തിരിവള്ളിയിൽ ചേർന്ന് നിന്ന് നല്ല ഫലം കായ്ക്കുവാനായി, ദൈവം തന്റെ ഏകജാതനായ പുത്രനെ നല്കി ലോകത്തെ സ്നേഹിച്ചു. വിശുദ്ധിയിൽ അതിഷ്ഠിതമായ ആ സ്നേഹം തിരഞ്ഞെടുക്കപ്പെട്ടവരിൽ സ്ഫുരിക്കണം! നമ്മെ തിരഞ്ഞെടുത്തവനായി നല്ല ഫലം കായ്ക്കുവാൻ നമുക്ക് ഒരുങ്ങാം! ■

>> From Page 5

of the week according to their convenience on a regular basis as there is no specific day mentioned in the New Testament for the believers to meet?

It could be small gatherings in size. As the missionary is limited to his village or a small geographical area, his church need not necessarily to be large in nature but could be small even very small.

The conduct of the fellowship could be unofficial and casual that seeks only the administration of the elements like breaking the bread, pray together, study the word and fellowship each other than performance.

In such a system everybody gets the privilege of participating in the process of building the body of Christ. The scarcity of missionaries will be solved. The skills of every believer will be utilized for His glory. The word will be preached swiftly everywhere.

Resources both on leadership and investment will be automatically generated.

All of a sudden conventional church planting will be turned to be a church planting movement.

## അന്തരാളം

**Sheena Tomy**



ജലനിബിഡമാം മേഘം പെയ്തൊഴിയും
വീണ വൃക്ഷം ചലനരഹിതം...
കാറ്റിനെ വിചാരിച്ചാൽ ആർ വിത്യ്ക്കും
മേഘങ്ങളെ നോക്കിയാൽ കൊയ്യാനാവുമോ?
രാവിലെ വിതച്ചാൽ നന്ന്..
വെളിച്ചം മനോഹരം
സൂര്യൻ സുതാര്യശോഭിതം
യൗവനം സ്വപ്നസുരഭിലം
സൃഷ്ടാവൊരാൾ........?

ദുർദിവസങ്ങൾ തൻ കാലൊച്ചകൾ
അപ്രിയകാല ഗതിവേഗങ്ങൾ
സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും
വരെ ഇരുളടഞ്ഞെക്കുമോ....
മഴ പെയ്തു തോർന്നിരിക്കുന്നു...
ഇനി ഒരു വേള മഴമേഘങ്ങൾ
മടങ്ങിവരാതിരിക്കുമോ........

ചുമടുതാങ്ങികൾ തൻ കൂനിയ ചുമലുകൾ
ഭാണ്ഡകെട്ടുകൾ വളച്ച മുതുകുകൾ...
ദൃശ്യത നഷ്ടമായ കിളിവാതിലുകൾ
അടഞ്ഞ വഴിയോരക്കതകുകൾ
പേടിപ്പെടുത്തുന്ന കയറ്റങ്ങൾ
ഭീതിപ്പെടുത്തുന്ന പാതകൾ
പൂക്കുന്ന ബദാം വൃക്ഷങ്ങൾ
അറ്റുപോകുന്ന വെള്ളിച്ചരടുകൾ
തകരുന്ന പൊൻകിണ്ണം
ഉറവിങ്കൽ ഉടയുന്ന കുടം
കിണറ്റിങ്കലെ തകരുന്ന ചക്രം.....

മുടിങ്കോൽ പോലെ ജ്ഞാനവചസ്സുകൾ..
തറച്ചിരിക്കുന്ന ആണികൾ....
ഒരേ ഒരു ഇടയൻ
ഹാ... ഞാനും നീയും വെറും പൊടി..!
ഉള്ളിലണയാതൊരു നാളമുണ്ടത്
എവിടേക്ക്......?

# THE MESSAGE TO SMYRNA CHURCH

Pr. Samkutty



**The city of Smyrna**

Smyrna was founded as a Greek colony more than 1000 years before Christ. About 600 B.C.E Smyrna was destroyed by the Lydians and laid in ruins for more than 300 years until Alexander the Great's successors rebuilt the city in 290.B.C.E. It was that rebuilt city of Smyrna of John's day. For that reason it was sometimes called "the city that died yet lives." In the message, Christ is described as "the first and the last, who was dead and came to life." Christians are exhorted to be faithful until death. Smyrna was famous for its beauty. Its streets were well laid out, with the outlying ones lined with groves of trees. The phrase "crown of Smyrna" appears of the hill Pagos, with the stately public buildings on its rounded top and the city spreading out down its rounded sloping sides. The buildings are likened to a crown because they stand in a conspicuous place and in an orderly way. Rome considered Smyrna as the "city of our most faithful and most ancient allies." Smyrna was the centre of provincial assembly and also maintained a district court. Smyrna had a stadium, library and a public theatre. It was a noted centre for science and medicine. It was renowned for its fine wine, beautiful buildings and wealth. Today the city is known as the Turkish city of Izmir.

Smyrna had kept a special relationship with the Roman administration and culture by continuing the practice of Imperial cult. The people of Smyrna stood along with the Romans in the question of supremacy of Romans and power struggle.

The Jews of Smyrna were hostile to the Christians. They slandered the early Christians, called themselves Jews but really belonged to the "synagogue of Satan" and abetted the persecution of the Christian followers.

The citizens of Smyrna willingly offered worship to the Emperor. Though the Christians willingly submitted to the emperor's civil authority they refused to offer sacrifices to the emperor and worship him, for that refusal they were branded rebels and faced the wrath of Roman government. The Christians refused to participate in pagan religion in general. Much of Smyrna's social life revolved around pagan worship and Christians were viewed as antisocial elitists for refusing to participate in it.

Smyrna was the biggest business centre in Asia after Ephesus. It was a port city situated about 60 km north of Ephesus. It's excellent harbour rendered it one of the most flourishing centres of commerce under the Romans. Because of its excellent harbour, Smyrna retained its importance, and it is today a large commercial port, through which the trade to and from the interior of Asia Minor passes. At present, this city in modern Turkey is known as Izmir. It is now one of the most important commercial and business centres there.

The worship of the Emperor

The Imperial cult was strongly practised in Asia. The Emperor was the living head of the state and the guardian of its welfare. The worship of the Emperor was the most vigorous and also the most dangerous of the cults. The Christians rejected to the growing practice of emperor worship.

The imperial cult, which included processions, sacrifices, choral singing, and carrying images of emperor and his family. Ritual would have been most dangerous part of the cult for Christians because they could not participate and could not tolerate images of the emperor in their houses. As the procession passed their houses, they were supposed to offer a sacrifice to the emperor, failure to participate in these activities would have been obvious to the Community. Domitian insisted that worship was compulsory for every citizen on threat of death and he had to burn incense at the altar to the godhead of the Caesar once in a year.

The reader might have understood the situation prevalent in Ancient Smyrna. The Christian church in Smyrna was poor in a rich city. The church has none of the virtues of the city. The church was composed of people from lower strata of the society. The church became poorer by the persecution of Romans for the sake of their faith in Christ.

The Greek word for Smyrna is myrrh and it signifies suffering. The church in Smyrna was a suffering church under the persecution of the Romans.

*(will be continued on next issue...)*

## ? DID YOU KNOW

### കൊതുകു ശല്യം ഒഴിവാക്കാം

മുറികളിൽ തുമ്പച്ചെടി കെട്ടിത്തൂക്കിയാൽ കൊതുകു ശല്യം ഒഴിവാകും.

കുന്തിരിക്കം കത്തിച്ച് മുറികളിൽ പുകയേൽപ്പിക്കുക.

അകിൽ പുകയ്ക്കുക.

പുകയില കഷായത്തിൽ വഷിങ്സോഡ കലർത്തി കൊതുകു മുട്ടയിടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ തളിക്കാം. പുകയില കഷായം തയാറാക്കാൻ പുകയില ചെറുതായി അരിഞ്ഞ് അര ബക്കറ്റ് വെള്ളത്തിൽ അരമണിക്കൂർ കുതിർത്തു വയ്ക്കുക. ഈ ലായനി അരിച്ച് ഒരു പ്ലാസ്റ്റിക് പാത്രത്തിൽ സൂക്ഷിക്കാം. രണ്ടാഴ്ച വരെ കേടാകാതെയിരിക്കും.

### താരനകറ്റാൻ വീട്ടുമരുന്ന്

ഒലിവ് ഓയിൽ ട്രീറ്റ്മെന്റ്: ഒലിവ് എണ്ണ ചെറുതായി ചൂടാക്കി കൈവിരലിനറ്റം കൊണ്ട് തലയിൽ വട്ടത്തിൽ തേച്ചു പിടിപ്പിക്കുക. രാത്രി എണ്ണ തേച്ചു കിടന്നിട്ട് രാവിലെ ഷാംപൂ ചെയ്തു കളയാം. താരനകറ്റാനും മുടിയിഴകൾക്ക് കരുത്ത് ലഭിക്കാനും ഇത് സഹായിക്കും.

കറ്റാർ വാഴയുടെ ഉള്ളിലെ ജെൽ മാത്രം അടർത്തിയെടുത്ത് ഉടച്ച് തലയിൽ തേക്കാം. തലയോട്ടിയിൽ നന്നായി പിടിക്കുംവിധം തേയ്ക്കാൻ ശ്രദ്ധിക്കുക. 20 മിനിറ്റു നേരം വച്ചിട്ട് കഴുകികളയാം.

രണ്ടു വലിയ സ്പൂൺ നാരങ്ങ നീരിൽ 5 ചെറിയ സ്പൂൺ തേൻ ചേർക്കുക. ഇതിലേക്ക് ഒരു ഗ്ലാസ് വെള്ളം ചേർത്ത് ലയിപ്പിച്ച് ഈ ലായനി കൊണ്ട് മുടി കഴുകാം. താരനും അഴുക്കും പോയി മുടി തിളങ്ങും.

Party Planning
Weddings
Birthdays
Anniversaries
Product Launches
Charity Fundraisers
Stage Parties
Hen Parties
Sporting Events
Musical Festivals



Emmanual events
Kamanahali, Banglore
Blesson Babu : +91 99 47 82 8526
+91 89 51 58 2367
Siby Mathew : +91 96 33 66 0002

സൗജന്യ മലയാളം ക്രിസ്ത്യൻ റിസോർസ് വെബ്സെറ്റ്
www.GodsOwnLanguage.com

മലയാളത്തിൽ ലഭ്യമായിരിക്കുന്ന വിവിധ ക്രൈസ്തവ റിസോർസുകൾ സൗജന്യമായി വിശ്വാസി സമൂഹത്തിനു വേണ്ടി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ www.GodsOwnLanguage.com എന്ന വെബ്സൈറ്റ് പ്രവർത്തനം ആരംഭിച്ചു. ക്രിസ്തീയ പുസ്തകങ്ങൾ, മാസികകൾ, ട്രാക്റ്റുകൾ, ഓൺലൈൻ മലയാളം ബൈബിൾ, ഗാനങ്ങൾ, പാട്ടു പുസ്തകം, ബൈബിൾ കഥകൾ, വിവിധ ഓഡിയോ-വീഡിയോ മെറ്റീരിയലുകൾ, ഓൺലൈൻ റേഡിയോകൾ, ലൈവ് ടി.വി. ചാനലുകൾ, ബൈബിൾ സോഫ്റ്റ്വെയറുകൾ തുടങ്ങി ഒട്ടനവധി സൗജന്യ വിഭവങ്ങൾ ഈ വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ അപ്ഡേറ്റുകൾ ലഭിക്കുവാൻ ഞങ്ങളുടെ ഫേസ്ബുക്ക് പേജ് ലൈക്ക് ചെയ്യുക - www.facebook.com/GodsOwnLanguage

# iOS APP 'RIGHTEOUS TALES' CREATED BY FORMER MICROSOFT EMPLOYEE




A former Microsoft worker created a new app for iOS that brings the biblical account of David to life in a way that has never been done before.

This software vet, Gerald Hinson, worked to release Righteous Tales: David vs. Goliath, which encompasses detailed animation, smartphone mini games and achievements all in one app in an effort to present children with a great way to learn about the Bible.

The idea spawned from a conversation Hinson had with his children where they struggled to explain the story of Abraham which they learned about in a recent Sunday school session.

He saw the need for an interactive app that could bring people back to the older cultures written about in the Bible in an immersive and interactive way.

"Youth Pastors have a pretty rough job," said Hinson to The Christian Post. "Once a week they are trying to relate these Bible stories to 50 to 100 kids at a time and you're also trying to breach cultural divides. And I thought it would be cool if there was some [quality resources] that we could hand the kids after service. [I asked] why don't we have quality versions of these stories for these kids devices that they are carrying around all the time."

Hinson admits that there's a few similar products in the app store, but none that really delved too deep into the stories. Righteous Tales takes a different approach by illustrating less emphasized characters in the biblical account in a way that an animated film would.

# STEPMOTHER, STARVED 10-YEAR-OLD TO DEATH, WATCHED HIM EAT HIS FECES IN DESPERATION


Johnathan Ramsey

Elizabeth Ramsey, stepmother to 10-year-old Johnathan Ramsey, was convicted Wednesday of starving the young boy to death in April of 2011. She and the father of the boy, Aaron Ramsey, fed him military rations of bread and water until he ate his own excrement in desperation and died. Then, they stuffed his lifeless, emaciated body into a sleeping bag and dumped him in an Ellis County creek bed.

Elizabeth Ramsey, 33, was found guilty of injury to a child resulting in death by a Texas jury in only 30 minutes, according to the Associated Press. She won't be eligible for parole for 30 years, while the boy's father, 35, was already sentenced to life in prison.

# PROMINENT CHINESE PASTOR SENTENCED TO 12 YEARS IN PRISON; LAWYER CLAIMS ACCUSATION SET-UP BY GOV'T



Zhang Shaojie, a prominent church leader from central China, has been sentenced to 12 years in prison for gathering crowds to "disturb public order." A U.S. campaign group has said that the decision constitutes religious persecution and the Chinese government's attempt to hold back the growth of Christianity.

"This case shows the Chinese government continues to cover up religious persecution with fabricated criminal charges against an innocent church leader," said Bob Fu, the head of China Aid, according to The Telegraph.

Liu Weiguo, a rights lawyer who has worked with the pastor in the past, said that he was shocked at the severity of the sentence."I strongly believe Zhang Shaojie is innocent. This is a total set-up by the local government," the lawyer said.The Associated Press noted that Zhang, who led the Nanle County Christian Church in Henan province, was convicted of fraud and of gathering crowds to disturb public order.

The Chinese government has recently engaged in a number of controversial disputes with Christian churches. Earlier in June, dozens of Chinese Christians in Wenzhou City pushed back against police forces and tried to save a church cross from being seized.

# ലെനോവോ എസ് 850 വരുന്നു

**കൊച്ചി:** എസ് ശ്രേണിയിൽപ്പെട്ട ഒരു സ്മാർട് ഫോൺ കൂടി ലെനോവോ ഇന്ത്യൻ വിപണിയിലിറക്കുന്നു – എസ് 850.

ആൻഡ്രോയ്ഡ് സോഫ്റ്റ്വെയർ. 1.3 ജിഗാഹെട്സ് ക്വാഡ് കോർ പ്രോസസറാണിതിന്. 15,499രൂപ വില. ഭാരം കുറഞ്ഞ സ്മാർട് ഫോൺ ആയ ഇതിന്റെ പിൻ പാനലിലെ പ്രകാശിച്ചു കൊണ്ടിരിക്കുന്ന ലോഗോ കോളോ മെസേജോ വരുമ്പോൾ അറിയിപ്പ് നൽകും. 5 ഇഞ്ച് എച്ച് ഡി സ്ക്രീൻ, മുന്നിൽ 13 എംപി ക്യാമറ എന്നിവയുണ്ട്. 5 മെഗാ പിക്സൽ



ഫ്രണ്ട് സ്നാപ്പർ നല്ല തെളിച്ചമുള്ള സെൽഫി ഫോട്ടോകൾ ലഭിക്കാൻ സഹായമാകുമെന്നും കമ്പനി പറയുന്നു.

ഈ മാസാവസാനത്തോടെ എസ് 850 ലഭ്യമാകും.

# 11 PARENTS OF BOKO HARAM-KIDNAPPED SCHOOLGIRLS HAVE DIED IN NIGERIA

Eleven parents of the over 200 schoolgirls who were kidnapped by Islamic terrorist group Boko Haram in Chibok, Nigeria have died, according to reports.

"One father of two of the girls kidnapped just went into a kind of coma and kept repeating the names of his daughters, until life left him," said community leader Pogu Bitrus, adding that at least four of the parents have died due to trauma from the mass abduction in April, according to The Associated Press. Chibok and other villages in the region have been besieged by militants, with Nigeria's army unable to control the situation. Seven fathers of the kidnapped girls were among 51 bodies carried over from the nearby village of Kautakari this month. The schoolgirls, most who still remain captive, are feared to have been sold to Islamic militants as child brides.

The militant group has been waging war on Christians and the Nigerian government for five years, and has carried out numerous attacks on churches, schools, official buildings, and have raided entire towns and villages.A Human Rights Watch report earlier in July said that at least 2,053 civilians had been killed at the hands of Boko Haram during the first half of 2014 alone.The international community reacted with outrage in April over the news of the kidnapped schoolgirls, who were taken by Boko Haram militants who rode in on trucks. The U.S. and the U.K. sent military teams to Nigeria to help with the search of the girls, but so far have been unable to recover them.

Nigerian President Goodluck Jonathan met on Tuesday with parents of the schoolgirls, as well as some of their classmates who managed to escape. Jonathan promised that his government will continue working to find the girls and bring them back alive.

Bitrus said that Chibok's residents, many of them Christians, are under stress from the constant attacks by the Islamic militants. ■

Heavenly Express is printed ,published & Owned by Rev. P.K. Johnson on behalf of HVAG Trust, and Published from Heavenly express No.155,KSFC Layout Oil mill Road, Bangalore, Karnataka-560084, Mob:09845154986. Printed at Evangel printers, No.2/1, Park Road Bangalore-560084.Chief Editor Mr.Blesson K.Philip Bangalore-560077.